പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2209 — 08. 12. 2015 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി യിൽ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

ചോദ്യം
ശ്രീ.മോൻസ് ജോസഫ്

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കെ.എസ്.ഇ.ബി. യിൽ മസ്ദൂർ തസ്തികയിൽ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ യെന്നും 2015-16 സമ്പത്തിക വർഷം എത്ര ഒഴിവുകളാണ് മസ്ദൂർ തസ്തികയിൽ പ്രതീക്ഷി ക്കുന്നതെന്നും അറിയിക്കുമോ; | (എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ലൈൻമാൻ തസ്തികയിൽ നിന്നും ഓവർസിയർ തസ്തികയിലേക്ക് പ്രമോഷൻ നൽകുകയും, ഇങ്ങനെ ഉണ്ടാകുന്ന ലൈൻമാൻ ഒഴിവിലേക്ക് മസ്ദൂർ തസ്തികയിൽ നിന്നും പ്രമോഷൻ നൽകുകയും ചെയ്താൽ മാത്രമേ മസ്ദൂർ തസ്തികയിൽ ഒഴിവുണ്ടാകുകയുള്ളു. ഇപ്രകാരം എത്ര ഒഴിവുകൾ 2015-16 സാമ്പത്തിക വർഷത്തിൽ മസ്ദൂർ തസ്തികയിൽ ഉണ്ടാകുമെന്ന് മുൻകൂട്ടി പറയാൻ കഴിയുന്നതല്ല. |
| (ബി)നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുണ്ടാ-കുന്ന കാലതാമസം വ്യക്ത - മാക്കാമോ; | (ബി) മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ